# ചുവപ്പന്മാർ കുട്ടിച്ചോറാക്കിയ കേരളം

കെ. രാജേശ്വരി



# ചുവപ്പന്മാർ കുട്ടിച്ചോറാക്കിയ കേരളം

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2025, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Mowers, a painting by Granville Redmond (1871–1935). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ചുവപ്പന്മാർ കുട്ടിച്ചോറാക്കിയ കേരളം

## മുൻ ചീഫ് ജസ്റ്റിസിന്റെ അനുഭവക്കുറിപ്പ്

"ചുവപ്പ് അശുഭസൂചകമായ നിറമാണ്. രക്തം ചുവപ്പാണെന്നതിൽ തർക്കമില്ല. എന്നാൽ അതിന്റെ കാഴ്ച അസഹിഷ്ണുതയെയാണ് സൂചിപ്പിക്കുന്നത്; അക്രമത്തെയും. രണ്ടും മോശമാണ്, വ്യക്തിക്കും സമൂഹത്തിനും."



ദേവഗൗഡ

കേരളത്തിന്റെയും ബംഗാളിന്റെയും ദുഃസ്ഥിതിക്ക് കാരണം: കമ്യൂണിസ്റ്റുകാരെന്ന ഇബ്‌ലീസുകൾ. കുതിരക്കച്ചവടം നടത്തിയെങ്കിലും കമ്യൂണിസ്റ്റുകളെ കേന്ദ്രഭരണത്തിൽനിന്ന് അകറ്റിനിറുത്തണമെന്ന് മുൻ ചീഫ് ജസ്റ്റിസ്.

545 അംഗ ലോക്‌സഭയിൽ കോൺഗ്രസിന് കിട്ടിയത് 145 സീറ്റാണ്. ഘടകകക്ഷികൾക്കെല്ലാംകൂടി 78. മുന്നണിക്ക് മൊത്തം 223. അതായത് കേവലഭൂരിപക്ഷത്തിന് കൃത്യം 50 കുറവ്. ദേശീയ ജനാധിപത്യ സഖ്യത്തിന് 187. ഇടതുപക്ഷക്കാരടക്കം മറ്റുള്ളവരെല്ലാവർക്കും കൂടി 136. തികച്ചും തൂക്കുസഭ.


കെ. കെ. ഉഷ

60 അംഗ ഇടതുപക്ഷ ബ്ലോക്ക്, പ്രത്യേകിച്ച് 43 മെമ്പർമാരുള്ള സി. പി. എം. ഉറച്ച കോൺഗ്രസ് അനുകൂല നിലപാട് ഫലപ്രഖ്യാപനത്തിന് മുമ്പ് തന്നെ കൈക്കൊണ്ടതു കാരണമാണ് അസ്ഥിരതയും ഭരണഘടനാ പ്രതിസന്ധിയും ഒഴിവായത്. 1996-ലേതുപോലെ കോൺഗ്രസിന് അയിത്തം കൽപിച്ച് മാറ്റിനിറുത്തിയിരുന്നെങ്കിൽ 36 അംഗങ്ങളുള്ള സമാജ്‌വാദി പാർട്ടി, നാലംഗ മതേതര ജനതാദളുമായി ചേർന്ന് മന്ത്രിസഭയുണ്ടാക്കുന്നതും കോൺഗ്രസും സഖാക്കളടക്കമുള്ള സകല മതേതര പാർട്ടികളും പുറത്തുനിന്ന് പിന്താങ്ങുന്നതും നമ്മൾ കാണേണ്ടിവരുമായിരുന്നു. ഏറ്റവുമടുത്ത ശുഭമുഹൂർത്തത്തിൽ (1997-ൽ ദേവഗൗഡക്കും '98-ൽ ഇന്ദർ ഗുജ്‌റാലിനും സംഭവിച്ചപോലെ) കോൺഗ്രസ് പാലം വലിക്കും. ഇടക്കാല തെരഞ്ഞെടുപ്പിൽ വൻവിജയം നേടി ബി. ജെ. പി. മുന്നണി അധികാരസോപാനത്തിൽ തിരിച്ചെത്തുകയും ചെയ്യും.


ഇന്ദർ ഗുജ്‌റാൽ

കമ്യൂണിസ്റ്റുകളുടെ പിന്തുണയോടെ കോൺഗ്രസ് മന്ത്രിസഭയുണ്ടാക്കിയത് തെറ്റായിപ്പോയെന്ന് കെ. കരുണാകരനോ മലയാള മനോരമയെങ്കിലുമോ പറഞ്ഞുകേട്ടില്ല. രാജ്യത്ത് ഭരണസ്ഥിരതയുണ്ടാകണം, മതേതരത്വം പുലരണം എന്നാഗ്രഹമുള്ളവരാരും അങ്ങനെയൊരാക്ഷേപം ഉന്നയിക്കാനിടയില്ല. എന്നാൽ, ചണ്ഡീഗഢിൽനിന്ന് പുറപ്പെടുന്ന ട്രിബ്യൂൺ പത്രത്തിൽ, മെയ് 23-ാം തീയതി ജെ. എൽ. ഗുപ്ത എന്നൊരു പുമാൻ ഇത്തരമൊരു അഭിപ്രായ പ്രകടനം, ലേഖനരൂപത്തിൽ പ്രസിദ്ധീകരിച്ച് കാണുന്നു.


കെ. കരുണാകരൻ

ജവഹർലാൽ ഗുപ്തയെ മാന്യവായനക്കാർ മറന്നു കാണുകയില്ലെന്ന് കരുതുന്നു. പാട്യാലക്കടുത്ത് സംന സ്വദേശിയാണ് അദ്ദേഹം. 1942 ജനുവരി 22-ന് ജനിച്ചു. 1963 ഫെബ്രുവരി 28-ന് അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. ചുരുങ്ങിയ കാലംകൊണ്ട് പ്രഗല്ഭനെന്ന് പേരെടുത്തു. പഞ്ചാബ് സർവകലാശാലയിൽ നിയമാധ്യാപകനായും പ്രശോഭിച്ചു. 1991 മാർച്ച് 11-ന് പഞ്ചാബ്-ഹരിയാന ഹൈക്കോടതിയിൽ ന്യായാധിപനായി. 2002 നവംബർ ഒന്നിന് കേരള ഹൈക്കോടതിയിൽ ചീഫ് ജസ്റ്റിസായി നിയമിക്കപ്പെട്ടു. 2004 ജനുവരി 22-ന് പെൻഷൻ പറ്റി. ഇപ്പോൾ സുപ്രീംകോടതിയിൽ അഭിഭാഷകൻ.

രണ്ടുപതിറ്റാണ്ടിലേറെയായി മറുനാട്ടുകാരാണ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയി നിയമിതരാകുന്നത്. വി. എസ്. മളീമഠ്, എം. ജഗന്നാഥറാവു, സുജാതാ മനോഹർ, ഉദയപ്രതാപസിംഗ്, ഓംപ്രകാശ്, അരിജിത്ത് പസായത്ത്, എ. വി. സവന്ത്, ബി. എൻ. ശ്രീകൃഷ്ണ എന്നിങ്ങനെ നീളുന്നു, പരദേശികളുടെ നിര. എം. എം. പരീതുപിള്ളയും കെ. കെ. ഉഷയും ഒറ്റപ്പെട്ട അപവാദങ്ങൾ.


എൻ. ശ്രീകണ്ഠൻനായർ

മേൽപ്പറഞ്ഞവരെക്കാളൊക്കെ വിവാദപുരുഷനായിരുന്നു, ജവഹർലാൽ ഗുപ്ത. കടുത്ത മുതലാളിത്ത പക്ഷപാതിയെന്ന് ഗുപ്താജി അപലപിക്കപ്പെട്ടു. ജന്മംകൊണ്ട് വൈശ്യനാണ് ഗുപ്തയെന്നും കുബേരനാണ് അദ്ദേഹത്തിന്റെ കുടുംബ പരദേവതയെന്നും ചില ദോഷൈകദൃക്കുകൾ കണ്ടുപിടിച്ചു. ബനിയമാരെ സംബന്ധിച്ചിടത്തോളം ദുർഗുണങ്ങളിൽ രണ്ടാമത്തേതാണ് കള്ളംപറയൽ; ആദ്യത്തേത് നഷ്ടത്തിൽ കച്ചവടം നടത്തൽ. ഗുപ്ത എന്ന ജാതിപ്പേരുതന്നെ പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത മുതലായ സുകുമാരകലകളെയാണത്രെ സൂചിപ്പിക്കുന്നത്!

സ്വാശ്രയ മെഡിക്കൽകോളേജിലെ ഫീസ് നിരക്ക് സംബന്ധിച്ച് 2003 സെപ്റ്റംബർ 24-ന് ബഹു. ചീഫ് ജസ്റ്റിസ് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് ചരിത്രം സൃഷ്ടിച്ചു. ഭിന്നാഭിപ്രായ ഉത്തരവെഴുതിയ സഹന്യായാധിപനെ ഒതുക്കിയവിധം സാക്ഷരകേരളത്തെ ഞെട്ടിച്ചു. ഒക്ടോബർ 8-ാം തീയതി കേരള ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ, ചീഫ് ജസ്റ്റിസിന്റെ നടപടിയെ അപലപിച്ച് പ്രമേയം പാസാക്കി.


ആർ. സുഗതൻ

അതവിടെ നിൽക്കട്ടെ. ട്രിബ്യൂൺ ലേഖനത്തിലേക്ക് തിരിച്ചുവരുക. ബംഗാളിലും കേരളത്തിലും തങ്ങളോട് പടപൊരുതിയ, മന്ത്രിസഭയിൽ ചേരാൻ വിസമ്മതിക്കുന്ന കമ്യൂണിസ്റ്റുകാരുടെ പിന്തുണ കോൺഗ്രസ് സ്വീകരിക്കരുതായിരുന്നു എന്നാണ് ഗുപ്താജിയുടെ സുചിന്തിതമായ അഭിപ്രായം. കോൺഗ്രസിനും കമ്യൂണിസ്റ്റ് പാർട്ടികൾക്കും പൊതുവായി എന്തുണ്ട്? ഇരുകൂട്ടരുടെയും പ്രകടനപത്രികകൾ വിഭിന്നം. ആശയപരമായി വൈജാത്യം. ഇത്തരമൊരു ബാന്ധവം ഏറെക്കാലം നീളാൻ സാധ്യത തീരെക്കുറവ്. എല്ലാത്തിനുമുപരി ദേശീയ താൽപര്യത്തിന് നിരക്കാത്തത്.

എന്തുട്ടണ് മാഷേ 'ദേശീയ താൽപര്യം'? പുത്തൻ സാമ്പത്തികനയം, ആഗോളീകരണം, ഉദാരീകരണം എന്നിത്യാദികൾ തന്നെ. നാടിന്റെ സാമ്പത്തികാഭിവൃദ്ധിയെ തുരങ്കംവെക്കുന്ന ഇബ്‌ലീസുകളാണ് കമ്യൂണിസ്റ്റുകാർ. കോൺഗ്രസിനെ കമ്മുക്കൾ പിന്താങ്ങും എന്ന കേട്ടതേ ഓഹരിവിപണി കൂപ്പുകുത്തിയ കാര്യം എടുത്തുപറയുന്നു ജവഹർലാൽജി.


ഇ. എം. എസ്.

രണ്ടാമത്തേതും കൂടുതൽ പ്രധാനപ്പെട്ടതുമായ കാരണം കേരളത്തിലെയും പശ്ചിമബംഗാളിലെയും കമ്യൂണിസ്റ്റ് ഭരണ പരാജയം. സസ്യശ്യാമള കേരകേദാരഭൂമി. ഫലഭൂയിഷ്ഠം. കശുവണ്ടിയുണ്ട്, നാളികേരമുണ്ട്, കയറുണ്ട്, വനങ്ങൾ, റബർ, സമുദ്രോൽപന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, 42 നദികൾ, 100 ശതമാനം സാക്ഷരത. ഇതൊക്കെയുണ്ടായിട്ട് എന്തു ഫലം? ദിവസേന ട്രഷറിബാൻ. ബിവറേജസ് കോർപറേഷനിൽനിന്ന് കടംവാങ്ങിയല്ലേ്യാ മിക്കപ്പോഴും സർക്കാറുദ്യോഗസ്ഥ സഖാക്കൾക്ക് ശമ്പളം കൊടുക്കുന്നത്?

ഇത്തരമൊരു ദുഃസ്ഥിതി എങ്ങനെ സംജാതമായി എന്നന്വേഷിക്കുന്നു:


പി. ഗംഗാധരൻ

"ഒരു തൊഴിൽ സംസ്കാരം വികസിപ്പിച്ചെടുക്കാൻ ജനങ്ങളെ സന്നദ്ധരാക്കിയിരുന്നില്ല എന്നതാണ് കാരണം. ഡയരക്ടർ ഒരുതരത്തിലുള്ള 'ഡയരക്ഷ'നും നൽകിയില്ല. മാനേജർ വേണ്ടവിധം മാനേജ് ചെയ്തില്ല. നിയമങ്ങൾ ഉദാരമായി വ്യാഖ്യാനിക്കപ്പെട്ടു. പാവങ്ങളെ സന്തുഷ്ടരാക്കാൻ മാത്രം അവ നടപ്പാക്കപ്പെട്ടു. തങ്ങളെത്തന്നെ സഹായിക്കാൻ എന്തെങ്കിലും ചെയ്യാൻ അവരോട് പറഞ്ഞിരുന്നില്ല, തൽഫലമായി, ഈ ജനങ്ങൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരായി. കടമകൾ അവർ മറന്നു. ഇന്ത്യയുടെ ഭരണഘടനയിൽ 'കടമകൾ' എന്ന ഒരധ്യായമുണ്ടെന്ന വസ്തുതപോലും പലർക്കും അറിയുമായിരുന്നില്ല." (അടിവര ഇവളുടേത്)


ഗൗരിയമ്മ

ആരാണ് മലയാളിക്ക് തൊഴിൽ സംസ്കാരമില്ലാതാക്കിയത്? ഉത്തരം സുവ്യക്തം: തൊഴിലാളികളെ സംഘടിപ്പിച്ചവർ, അവകാശങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കിയവർ—സഖാക്കൾ പി. കൃഷ്ണപിള്ള, ആർ. സുഗതൻ, പി. ഗംഗാധരൻ, എ. ജോർജ് ചടയംമുറി മുതൽപേർ; തൊഴിലാളി വർഗത്തിനായി നിയമനിർമാണസഭകളിൽ തൊണ്ടകീറി പ്രസംഗിച്ചവർ—എ. കെ. ഗോപാലൻ, പി. ടി. പുന്നൂസ്, എൻ. ശ്രീകണ്ഠൻനായർ, ജന്മിത്തം അവസാനിപ്പിച്ച ഇ. എം. എസും ഗൗരിയമ്മയും; തൊഴിലാളികൾക്കനുകൂലമായി നിയമങ്ങൾ വ്യാഖ്യാനിച്ച വി. ആർ. കൃഷ്ണയ്യരും പി. സുബ്രഹ്മണ്യൻ പോറ്റിയും.

പാവങ്ങൾക്കനുകൂലമായി നിയമങ്ങൾ വ്യാഖ്യാനിക്കുന്നവരെ സൂചിപ്പിക്കുന്നുണ്ടെങ്കിലും സുജനമര്യാദ കൊണ്ടാവണം, സുപ്രധാനമായ ഒരു വസ്തുത ഗുപ്താജി പുറത്തുപറഞ്ഞിട്ടില്ല: കേരള ഹൈക്കോടതിയിലെ മൂന്ന് ജഡ്ജിമാർ 'ചുവപ്പൻ' പശ്ചാത്തലമുള്ളവരാണ്. അവരിൽതന്നെ രണ്ടുപേർ ട്രേഡ് യൂനിയൻ നേതാക്കളായിരുന്നുതാനും.


വി. ആർ. കൃഷ്ണയ്യർ

ഗുപ്തയുടെ ജന്മദേശമായ പഞ്ചാബിനോട് താരതമ്യം ചെയ്താലേ കേരളത്തിന്റെ പിന്നാക്കാവസ്ഥ ബോധ്യപ്പെടൂ. ഉദാഹരണത്തിന് ഇവിടെ സ്ത്രീപീഡനവും സ്ത്രീപീഡനവുമുണ്ട്. എന്നാൽ പഞ്ചാബിലെപ്പോലെ വധൂദഹനം (bride burning) സാർവത്രികമായിട്ടുണ്ടോ? പെൺ ഭ്രൂണഹത്യയുടെ കാര്യത്തിലും നമ്മൾ എത്ര പിന്നാക്കം? പി. എസ്. സി. ചെയർമാന് കൈക്കൂലി കൊടുക്കുന്നവരും അതിന് ഇടനില നിൽക്കുന്നവരുമായ ന്യായാധിപരുണ്ടോ കേരള ഹൈക്കോടതിയിൽ? ജഡ്ജിമാർ കൂട്ട അവധിയെടുത്ത് കോടതി മുടക്കുന്ന പതിവുണ്ടോ കേരളത്തിൽ? ആതംഗവാദികളെന്ന് സംശയിച്ച് കസ്റ്റഡിയിലെടുക്കപ്പെടുന്നവർ കാറ്റത്തുവെച്ച പച്ചക്കർപ്പൂരംപോലെ അന്തരീക്ഷത്തിലലിഞ്ഞ് അപ്രത്യക്ഷമാകുന്ന പതിവുണ്ടോ? എല്ലാം പോകട്ടെ, പഞ്ചായത്ത് കിണറിൽനിന്ന് വെള്ളമെടുത്ത ദലിതനെ ജീവനോടെ ചുടുന്ന പതിവെങ്കിലുമുണ്ടോ ദൈവത്തിന്റെ സ്വന്തം നാട്ടിൽ?

ചുവപ്പന്മാർ കുട്ടിച്ചോറാക്കിയ കേരളത്തിന്റെയും ബംഗാളിന്റെയും ദയനീയചിത്രം ഗുപ്ത കുറഞ്ഞ വാക്കുകൾകൊണ്ട് വരക്കുന്നു:


എ. കെ. ഗോപാലൻ

"രണ്ട് സംസ്ഥാനങ്ങളെയും ഒരു വിമാനത്തിലിരുന്ന് വീക്ഷിക്കുകയാണെങ്കിൽ അവ ഹരിതാഭമായി കാണാം. നിലത്തിറങ്ങിയാൽ കാണുന്നത് ചെങ്കൊടികൾ. ബന്ദ്, നല്ല ശാരീരികക്ഷമതയുള്ള പുരുഷന്മാർ അലക്ഷ്യമായി നടക്കുന്നു. മുദ്രാവാക്യങ്ങൾ മുഴക്കുന്നു. തൊഴിൽ ചെയ്യുന്നതിനുപകരം പാഴാക്കുന്ന അവസ്ഥ. എന്നാൽ അവർക്ക് എല്ലാം വേണം. ചുവപ്പ് അശുഭസൂചകമായ നിറമാണ്. രക്തം ചുവപ്പാണെന്നതിൽ തർക്കമില്ല. എന്നാൽ അതിന്റെ കാഴ്ച അസഹിഷ്ണുതയെയാണ് സൂചിപ്പിക്കുന്നത്; അക്രമത്തെയും. രണ്ടും മോശമാണ്, വ്യക്തിക്കും സമൂഹത്തിനും. ചെങ്കൊടിയിൽ അരിവാളും ചുറ്റികയുമുണ്ട്. രാഷ്ട്രീയസംജ്ഞയിൽ അത് അർഥമാക്കുന്നത് അധ്വാനിക്കുന്ന തൊഴിലാളിവർഗത്തിന്റെ പ്രാതിനിധ്യമാണ്.

...സമൂഹം ഏറെ പുരോഗമിച്ചിട്ടുണ്ട്. ഉൽപാദനം വർദ്ധിപ്പിക്കാനും തൊഴിൽ കുറക്കാനും യന്ത്രം മനുഷ്യനെ സഹായിക്കുന്നു. ഇന്ന് മനുഷ്യന് അരിവാളും ചുറ്റികയും കൈയിലെടുക്കേണ്ടതില്ല. അതെല്ലാം യന്ത്രം ചെയ്തോളും.

എന്നിട്ടും നാം ആ പഴയ പ്രതീകത്തെ കൈയൊഴിയുന്നില്ല. അത് നമ്മുടെ കാഴ്ചയെ മറക്കുകയാണ്. ഭൂതകാലത്ത് ജീവിച്ചുകൊണ്ട് ആധുനികവത്കരണത്തെ ചെറുക്കുന്ന നടപടി ഇടതുപക്ഷക്കാർ തുടരുകയാണ്. അവർ മാറ്റങ്ങളെ സ്വീകരിക്കാൻ വിമുഖത കാട്ടുന്നു. തൽഫലമായി ധാരാളിത്തത്തിന്റെ നടുവിലും നാം ദാരിദ്ര്യത്തിൽ കഴിയുന്നു.


മായാവതി

സാധാരണക്കാരുടെ ഉന്നമനത്തിനു വേണ്ടിയാണ് ഇടതുകക്ഷികൾ പ്രവർത്തിക്കുന്നതെന്ന അവകാശവാദം ശരിയാണെന്ന് ഇതേവരെ തെളിയിക്കപ്പെട്ടിട്ടില്ല. റഷ്യയിലും ചൈനയിലും പഴയ സങ്കൽപനം തിരിച്ചറിയാൻ കഴിയാത്തവിധം മാറിയിട്ടുണ്ട്. റഷ്യൻ യൂനിയൻ ശിഥിലമായി. ചൈനാ മതിൽ ഇപ്പോൾ ഒരു തടസ്സമല്ല. അയേൺഗേറ്റ് തുറക്കപ്പെട്ടു. ഇന്ത്യയിൽ ഇപ്പോഴും നാം പഴകിയ മൂല്യങ്ങളെ മുറുകെപ്പിടിക്കുകയാണ്. കനത്ത ശമ്പളബില്ലുകൾ നിലവിലുണ്ടായിരുന്നിട്ടും നമ്മുടെ ഇടതുസഹോദരന്മാർ കൂടുതൽ ജോലികൾക്കായി ആവശ്യമുയർത്തുന്നു. രാജാവിനേക്കാൾ വലിയ രാജഭക്തി കാട്ടുകയാണോ നമ്മൾ?"

ചുവപ്പുകാണുമ്പോഴേക്കും വിറളി പൂണ്ട് മുക്രയിടുന്ന ഗുപ്ത മുജ്ജന്മത്തിൽ കാളയായിരുന്നോ എന്തോ? കമ്യൂണിസത്തിന്റെ ദോഷങ്ങൾ പറഞ്ഞിട്ടും മതിയാവുന്നില്ല അദ്ദേഹത്തിന്.

എത്ര ആലോചിച്ചിട്ടും പിടികിട്ടാത്ത കാര്യം, ഇദ്ദേഹം എന്തിന് സ്വന്തം പേരിൽ 'ലാൽ' കൊണ്ടുനടക്കുന്നു എന്നാണ്. ചെറിയൊരു ഗസറ്റ് പരസ്യത്തിലൂടെ ഇനിയെങ്കിലും ഈ ന്യൂനത പരിഹരിക്കട്ടെ.


മുലായംസിംഗ് യാദവ്

ഒടുവിൽ, കമ്യൂണിസ്റ്റ് പിന്തുണ ഇല്ലായിരുന്നെങ്കിൽ കോൺഗ്രസ് എന്തു ചെയ്യുമായിരുന്നു എന്ന ദാർശനിക സമസ്യക്ക് ഉത്തരം തേടുന്നു. കോൺഗ്രസാണ് ഏറ്റവും വലിയ ഒറ്റക്കക്ഷി. അവരുടെ മുന്നണിയാണ് ഏറ്റവും വലിയ രാഷ്ട്രീയ ഗ്രൂപ്പ്. ഏതു നിലക്കും കോൺഗ്രസിനെ മന്ത്രിസഭയുണ്ടാക്കാൻ രാഷ്ട്രപതി ക്ഷണിച്ചേ മതിയാവൂ. കോൺഗ്രസ് മന്ത്രിസഭ യാഥാർത്ഥ്യമായാൽ പിന്നെ ആയാറാം ഗയാറാം പ്രഭൃതികൾ ആ ഭാഗത്തേക്കൊഴുകും. ഗുപ്താജിയുടെ വാക്കുകളിൽ: Once the dice falls in favour of the Congress, the Pigeons on the roof tops shall flock to its aid. The numbers shall never be a problem.

മുലായംസിംഗ് യാദവും മായാവതിയുമൊക്കെയാണ് പറന്നണയേണ്ടിയിരുന്ന അമ്പലപ്രാവുകൾ. കുതിരക്കച്ചവടം നടത്തിയിട്ടെങ്കിലും കമ്യൂണിസ്റ്റുകാരെ അകറ്റിനിറുത്തണം എന്ന് ശഠിക്കുന്ന ന്യായാധിപശ്രേഷ്ഠന്റെ നീതിബോധത്തിനും രാഷ്ട്രീയ പരിചയത്തിനും മുന്നിൽ വിദൂര നമസ്കാരം.

□

## അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014